പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3022 **29-10-2026-ൽ മറുപടിയ്ക്ക്**

സബ്ജില്ലാതല-ജില്ലാതല സ്കൂൾ കലോത്സവം, ശാസ്ത്രോത്സവം വിധികർത്താക്കൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സ്കൂൾ കലോത്സവം, സ്കൂൾ ശാസ്ത്രോത്സവം തുടങ്ങിയവയിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും വിധികർത്താക്കളെ നിർണയിക്കുന്നതിൽ സ്വീകരിക്കേണ്ട മാനദണ്ഡവും നടപടിക്രമവും എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ;

മറുപടി: 30.09.2024 മുതൽ അംഗീകരിക്കപ്പെട്ട കലോത്സവ മാന്വൽ അധ്യായം 1 പൊതു നിർദ്ദേശങ്ങൾ 1.15, 1.16 എന്നിവ പ്രകാരം സ്കൂൾ കലോത്സവത്തിനും, 23.08.2025-ലെ സ.ഉ(കൈ) നം. 146/2025/പൊ.വി.വ ഉത്തരവ് പ്രകാരം പരിഷ്കരിക്കപ്പെട്ട ശാസ്ത്രോത്സവം മാന്വൽ അധ്യായം 1 പൊതു നിർദ്ദേശങ്ങൾ സി 1, 2 എന്നിവ പ്രകാരം സ്കൂൾ ശാസ്ത്രോത്സവത്തിനും, വിധി കർത്താക്കളെ നിയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം ഓരോ വർഷവും സംസ്ഥാനത്തിനകത്തുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും അതത് വിഷയങ്ങളിൽ പ്രാവീണ്യമുള്ള വിധി കർത്താക്കളുടെ ഒരു പാനൽ ക്ഷണിച്ച്, ആയത് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ സൂക്ഷ്മ പരിശോധന നടത്തി സംസ്ഥാന, ജില്ലാ തലങ്ങളിൽ വിധി കർത്താക്കളെ |നിർണ്ണയിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ, മത്സരങ്ങളുടെ എല്ലാ തലങ്ങളും വിലയിരുത്തുന്നതിന് യോഗ്യരായ മൂന്ന് വിധികർത്താക്കളെ ഓരോ ഇനത്തിനും നിയമിക്കേണ്ടതാണെന്നും അവരെ നിയമിക്കുമ്പോൾ ബയോ ഡാറ്റയും, ഡിക്ലറേഷനും നിശ്ചിത മാതൃകയിൽ ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ, രണ്ടു വർഷത്തിലധികം ഒരേ വിധി കർത്താവിനെ, ഒരു മത്സരത്തിലും വിധി കർത്താവായി നിയമിക്കരുതെന്നും പരാമർശിച്ചിട്ടുണ്ട്. സബ് ജില്ലകളിൽ വിധി നിർണ്ണയം നടത്തുന്നവർക്ക് അതേ ജില്ലയിലും ജില്ലാതല മത്സരങ്ങളിൽ വിധി നിർണ്ണയം നടത്തുന്നവർക്ക് സംസ്ഥാന തലത്തിലും വിധി നിർണ്ണയം നടത്തുന്നതിനും മാന്വലിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

(ബി) സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും ശാസ്ത്രമേള, സാമൂഹികശാസ്ത്രമേള, ഗണിതശാസ്ത്രമേള, പ്രവൃത്തി പരിചയമേള, ഐ.ടി മേള തുടങ്ങിയവയുടെ വിധികർത്താക്കൾക്ക് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത പ്രത്യേകം വ്യക്തമാക്കാമോ;

മറുപടി: ഓരോ വിഭാഗം മത്സരങ്ങളും വിധി നിർണ്ണയം നടത്തുന്നതിന് വിധികർത്താക്കളെ നിയോഗിക്കുന്നതിൽ പ്രത്യേകം യോഗ്യത നിഷ്കർഷിച്ചിട്ടില്ല.

(സി) സംസ്ഥാന സ്കൂൾ കലോത്സവം, സ്കൂൾ ശാസ്ത്രോത്സവം തുടങ്ങിയവയിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും വിധികർത്താക്കളെ നിർണയിക്കുന്നതിലും നിയമിക്കുന്നതിലും വിധികർത്താക്കളുടെ അയോഗ്യത, വിധി നിർണയത്തിലെ അപാകതകൾ തുടങ്ങിയവയിലും ഉത്തരവാദിത്തം ആർക്കാണ് എന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> സബ് ജില്ലകളിൽ വിധികർത്താക്കളെ നിർണയിക്കുന്നതിലും നിയമിക്കുന്നതിലും വിധികർത്താക്കളുടെ അയോഗ്യത, വിധി നിർണയത്തിലെ അപാകതകൾ തുടങ്ങിയവയിലും ഉത്തരവാദിത്വം ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും റവന്യൂ ജില്ലയിൽ അതത് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും, സംസ്ഥാന തലത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ/പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ എന്നിവർക്കുമാണ്.

(ഡി) സംസ്ഥാന സ്കൂൾ കലോത്സവം, സ്കൂൾ ശാസ്ത്രോത്സവം തുടങ്ങിയവയിൽ സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും വിധി നിർണയത്തിലെ അഴിമതി ഒഴിവാക്കുന്നതിനും രഹസ്യ സ്വഭാവം നിലനിർത്തുന്നതിനും നിഷ്പക്ഷവും നീതിപൂർവ്വകവും ആയ മത്സര വിലയിരുത്തലിനും വേണ്ടി വിധികർത്താക്കളുടെ പാനൽ തയ്യാറാക്കുന്നതിനും അവരെ നിയമിക്കുന്നതിനും ഉള്ള ഉത്തരവാദിത്തം വിദ്യാഭ്യാസ ഓഫീസർമാർക്ക് മാത്രം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> നിലവിൽ സബ് ജില്ലാ മത്സരങ്ങൾക്കായി തയ്യാറാക്കുന്ന വിധികർത്താക്കളുടെ പാനൽ പരിശോധിച്ച് അംഗീകരിക്കേണ്ട ചുമതല അതത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ മത്സരങ്ങൾക്കായി തയ്യാറാക്കുന്ന വിധികർത്താക്കളുടെ പാനൽ പരിശോധിച്ച് അംഗീകരിക്കേണ്ട ചുമതല പൊതു വിദ്യാഭ്യാസ ഡയറക്ടർ/പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ

എന്നിവർക്കുമാണുള്ളത്.

സെക്ഷൻ ഓഫീസർ